പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *241 18.08.2017- ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പരിസ്ഥിതി സൗഹൃദമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നവീന സാങ്കേതിക വിദ്യകളും നിർമ്മാണരീതിയും എന്തെല്ലാമാണ്; | (എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഓൺലൈൻ സംവിധാനമായ PRICE (Project Information and Cost Estimate) നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. ഇ-ടെണ്ടറിംഗ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ നവീന സാങ്കേതികവിദ്യകളും നിർമ്മാണ രീതികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി Ministry of Road Transport and Highways (MORTH) Specification പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. MORTH Specification കാലാകാലങ്ങളിൽ പരിഷ്കരിക്കാറുള്ളതാണ്. പരിസ്ഥിതി സൗഹാർദ്ദപരമായ പ്രവർത്തനങ്ങൾക്കായി ഒരു പരിസ്ഥിതി വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഈ വിഭാഗം 15 കോടി രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾ പരിശോധിക്കുകയും പരിസ്ഥിതി സൗഹൃദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ |

നൽകുകയും അവ നടപ്പിലാക്കുകയും ചെയ്യുവരുന്നു. സാങ്കേതിക വിദ്യകളും നിർമ്മാണ രീതികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ പ്രവൃത്തികളിൽ NRMB (Natural Rubberised Modified Bitumen) ഉപയോഗശൂന്യമായ ശുദ്ധീകരിച്ച ഷ്രെഡഡ് പ്ലാസ്റ്റിക്, റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തുക എന്നീ രീതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ദേശീയപാതാവിഭാഗത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലുള്ള റോഡുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 10 കി.മി റോഡ് വേസ്റ്റ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് ചെയ്യുവാൻ തീരുമാനിച്ച് കൊണ്ടുള്ള കത്ത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയത് ഉടൻതന്നെ നടപ്പിലാക്കുന്നതാണ്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾ തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ പഴയ രീതിയിലുള്ള ആർ.സി.സി. റീടെയിനിംഗ് വാൾ തുടങ്ങിയവയ്ക്ക് പകരം പുതിയ രീതികളായ ജിയോ ടെക്സ്റ്റൈൽസ്, ആർ.ഇ പാനൽസ് എന്നിവ ഉപയോഗിക്കാറുണ്ട്.

| | | |
|---|---|---|
| (ബി) | വകുപ്പിലെ അഴിമതിയും (ബി) കെട്ടുകാര്യസ്ഥതയും അവസാനിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി പ്രവർത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപ്പാക്കി വരികയും പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകൾ പ്രവൃത്തികളുടെ പേയ്മെന്റ് നൽകുന്നതിന് നിർബന്ധമാക്കിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്ക് മേൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതു വഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ കൂടുതൽ അഴിമതി രഹിതവും സുതാര്യവു മാക്കുന്നതിന് ജനകീയ പങ്കാളിത്തത്തോടുകൂടിയ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.<br><br>നിരത്തുകളും പാലങ്ങളും, ദേശീയപാതാ തുടങ്ങിയ വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയർ വഴി ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 5 ലക്ഷം രൂപയിൽ കൂടുതൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടത്തുന്നത്. ആയതുപോലെ കരാറുകാരുടെ ബില്ല് നൽകുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി Two-tier Quality Control System നിലവിലുണ്ട്. ഇതിൻപ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗി ക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി ഉറപ്പു വരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് |

ഡിവിഷൻ ഓഫീസും അതിനോടനുബന്ധിച്ച് ക്വാളിറ്റി കൺട്രോൾ ലാബും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ വകുപ്പുതല വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുകയും, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഉത്തരവാദിത്വത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കാറുമുണ്ട്. Social Auditing സമ്പ്രദായവും നടപ്പിലാക്കിവരുന്നു.

| | | | |
|---|---|---|---|
| (സി) | തകർന്ന് കിടക്കുന്ന റോഡുകൾ സത്വരമായി നവീകരിച്ച് ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | കാലവർഷവും മറ്റ് കാരണങ്ങളും കൊണ്ട് കേടുപാടുകൾ സംഭവിച്ച റോഡുകൾ അവ യഥാസമയം തന്നെ പരിഹരിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഈ സാമ്പത്തികവർഷം പ്രീ-മൺസൂൺ വർക്കുകളുടെ ഭാഗമായി 1397.45 ലക്ഷം Non-Plan head ഇനത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കിവരുന്നു. ഇനിയും തകരാറിലായ റോഡുകൾ നന്നാക്കുന്നതിന് നോൺ പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുമതി നൽകി പരിപാലന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ദീർഘകാല പദ്ധതി എന്ന നിലയിൽ road maintenance -നായി ഒരു പ്രത്യേക വിഭാഗത്തിനെ നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു Chief Engineer (Maintenance) post create ചെയ്തിട്ടുണ്ട്. |
| (ഡി) | പാട്ടത്തിനു നൽകുകയും പിന്നീട് അന്യാധീനപ്പെടുകയും ചെയ്ത കുറ്റാലം, മൂന്നാർ, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ്ഹൗസുകൾ തിരികെ പിടിക്കാനുള്ള ശ്രമം ഫലം കണ്ടിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | കുറ്റാലം റസ്റ്റ്ഹൗസ് പാട്ടത്തിനു നൽകിയിട്ടില്ല. എന്നാൽ ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഫലപ്രദമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. മൂന്നാർ, ആലുവ റസ്റ്റ് ഹൗസുകൾ തിരികെ പിടിക്കുന്നതുമായി ബന്ധപ്പെട്ട കേസ് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ